പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 92

# 2012-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 92

# 2012-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ഭേദഗതി ബിൽ

417/2012.

# 2012-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ഭേദഗതി ബിൽ

1978-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി 1978-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 4-ാം വകുപ്പിന്റെ ഭേദഗതി.—1978-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ആക്റ്റിൽ (1978-ലെ 29), 4-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിന് പകരം ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(2) കമ്മിറ്റിയിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) ഗവൺമെന്റ് സെക്രട്ടറി, വനം വകുപ്പ്, എക്സ്-ഒഫീഷ്യോ, അദ്ദേഹം കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കേണ്ടതാണ് ;

(ബി) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, എക്സ്-ഒഫീഷ്യോ ;

(സി) ഗവൺമെന്റ് സെക്രട്ടറി, വ്യവസായ വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ആ വകുപ്പിലെ ഒരു ആഫീസർ, എക്സ്-ഒഫീഷ്യോ ;

(ഡി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ആ വകുപ്പിലെ ഒരു ആഫീസർ, എക്സ്-ഒഫീഷ്യോ ;

(ഇ) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), എക്സ്-ഒഫീഷ്യോ ;

(എഫ്) മാനേജിംഗ് ഡയറക്ടർ, കേരള വനം വികസന കോർപ്പറേഷൻ, എക്സ്-ഒഫീഷ്യോ ;

(ജി) ഡയറക്ടർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എക്സ്-ഒഫീഷ്യോ ;

(എച്ച്) ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ആ വകുപ്പിലെ ഒരു ആഫീസർ, എക്സ്-ഒഫീഷ്യോ ;

(ഐ) ഗവൺമെന്റ് സെക്രട്ടറി, വനം വകുപ്പ്, നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ആ വകുപ്പിലെ ഒരു ആഫീസർ, എക്സ്-ഒഫീഷ്യോ ; അദ്ദേഹം കമ്മിറ്റിയുടെ സെക്രട്ടറി ആയിരിക്കേണ്ടതാണ്.

വിശദീകരണം :— ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, "ഗവൺമെന്റ് സെക്രട്ടറി'' എന്നതിൽ, "പ്രിൻസിപ്പൽ സെക്രട്ടറി''യും "അഡീഷണൽ ചീഫ് സെക്രട്ടറി''യും ഉൾപ്പെടുന്നതാകുന്നു."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1978-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ആക്റ്റ് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ വനോൽപ്പന്നത്തിന്റെയും ന്യായവില സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനായി ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിവതുംവേഗം ഗസറ്റ് വിജ്ഞാപനംമൂലം, സർക്കാർ ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പ് (2)-ാം ഉപവകുപ്പിൽ കാർഷികോൽപ്പാദന കമ്മീഷണർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വ്യവസായ വകുപ്പ് സെക്രട്ടറി, ധന വകുപ്പ് സെക്രട്ടറി, സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, വനം വകുപ്പിന്റെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി എന്നിവർ ആയിരിക്കണം കമ്മിറ്റി അംഗങ്ങളെന്നും അതിൽ കാർഷികോൽപ്പാദന കമ്മീഷണറും വനം വകുപ്പിന്റെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയും യഥാക്രമം കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറിയുമായിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. കാർഷികോൽപ്പാദന കമ്മീഷണർക്ക് ഇപ്പോൾ വനം വകുപ്പിന്റെ ചുമതലയില്ലാത്തതിനാൽ അദ്ദേഹത്തിനുപകരം വനം വകുപ്പ് സെക്രട്ടറിയെ കമ്മിറ്റിയിലുൾപ്പെടുത്തുന്നതും അദ്ദേഹത്തെ കമ്മിറ്റിയുടെ ചെയർമാൻ ആക്കുന്നതും ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നു. ഇപ്പോഴുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പകരം പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) എന്നിവരേയും കൂടാതെ കേരള വനം വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ കൂടിയും കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ അംഗങ്ങളായ വിവിധ വകുപ്പ് സെക്രട്ടറിമാർ, സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ എന്നിവരുടെ അസൗകര്യംമൂലം നിശ്ചിത സമയത്ത് യോഗം ചേരുന്നതിനു

കമ്മിറ്റിക്ക് ചിലപ്പോൾ തടസ്സമുണ്ടാകാറുണ്ട്. ആയതിനാൽ, മേൽപ്പറഞ്ഞവർ നാമനിർദ്ദേശം ചെയ്യുന്ന അതതു വകുപ്പിലെ നിശ്ചിത പദവയിൽ കുറയാത്ത ഉദ്യോഗസ്ഥൻമാരെ കമ്മിറ്റി അംഗങ്ങളാക്കാനുള്ള വ്യവസ്ഥകൂടി ഈ വകുപ്പിൽ ഉൾപ്പെടുത്തുന്നത് കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനത്തെ സഹായിക്കുമെന്ന് സർക്കാർ കരുതുന്നു. ഇതിലേക്ക് മേൽപ്പറഞ്ഞ ആക്റ്റ് 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യേണ്ടതാവശ്യമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി 1978-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ആക്റ്റ് ഭേദഗതി ചെയ്യാനുദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം, 1978-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ആക്റ്റ് 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന വിദഗ്ദ്ധ കമ്മിറ്റിയുടെ ഘടനയെക്കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത കമ്മിറ്റിയുടെ യോഗങ്ങളിൽ സംബന്ധിക്കുന്നതിന് അംഗങ്ങൾക്ക് യാത്രാപ്പടിയും ദിനബത്തയും നൽകേണ്ടതായിവരും. കൂടുന്ന യോഗങ്ങളുടെ എണ്ണം, അവ നടത്തുന്ന സ്ഥലം എന്നിവ അനുസരിച്ച് ഈ ഇനത്തിൽ ചെലവാകുന്ന തുകയിൽ മാറ്റം വരാവുന്നതാണ്. ആകയാൽ, ഈ ഇനത്തിൽ എന്തു തുക ചെലവാകുമെന്ന് ഇപ്പോൾ കൃത്യമായി പറയുവാൻ നിർവ്വാഹമില്ല.

കെ. ബി. ഗണേഷ് കുമാർ.

## 1978-ലെ കേരള വനോല്പന്നം (വില്പന വില നിജപ്പെടുത്തൽ) ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗം

(1978-ലെ 29-ാം ആക്റ്റ്)

** ** **

4. വിദഗ്ദ്ധ കമ്മിറ്റിയുടെ സംവിധാനം.—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, ആകുന്നത്രവേഗം, ഗസറ്റ് വിജ്ഞാപനംവഴി, ഓരോ വനോല്പന്നത്തിന്റെയും ഉചിതവും ന്യായവുമായ വില്പനവില സർക്കാരിലേക്ക് ശുപാർശ ചെയ്യുന്ന ആവശ്യത്തിലേക്ക് ഒരു വിദഗ്ദ്ധ കമ്മിറ്റി സംവിധാനം ചെയ്യേണ്ടതാണ്.

(2) കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) കാർഷികോല്പാദന കമ്മീഷണർ, എക്സ്-ഒഫീഷ്യോ, അദ്ദേഹം കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എക്സ്-ഒഫീഷ്യോ;

(സി) ഗവൺമെന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്, എക്സ്-ഒഫീഷ്യോ;

(ഡി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്, എക്സ്-ഒഫീഷ്യോ;

(ഇ) സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ, എക്സ്-ഒഫീഷ്യോ;

(എഫ്) കേരള വനം ഗവേഷണ സ്ഥാപനത്തിന്റെ ഡയറക്ടർ, എക്സ്-ഒഫീഷ്യോ;

(ജി) വനങ്ങളുടെ ചാർജ്ജുള്ള ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി, എക്സ്-ഒഫീഷ്യോ; അദ്ദേഹം കമ്മിറ്റിയുടെ സെക്രട്ടറിയായിരിക്കുന്നതാണ്.

(3) കമ്മിറ്റി അതിന്റെ ശുപാർശകൾ നടത്തുമ്പോൾ, മറ്റുള്ളവയുടെ കൂട്ടത്തിൽ താഴെപ്പറയുന്ന കാര്യങ്ങളും പരിഗണിക്കേണ്ടതാണ്, അതായത് :—

(എ) വനോല്പന്നങ്ങളുടെ കമ്പോളവിലയും;

(ബി) വനോല്പന്നങ്ങളുടെ വില്പനയ്ക്കുശേഷം, പുനരുദ്ധാരണം ആവശ്യമുള്ള സംഗതികളിൽ, വനോല്പന്നങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമുള്ള ചെലവും;

(സി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റു സംഗതികളും;

(4) കമ്മിറ്റി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.